LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് പഠനം നടത്താതെയാണ് പുലിമുട്ട് പൊളിച്ചുനീക്കിയതെന്ന ആരോപണത്തിന്റെ നിജസ്ഥിതി അറിയിക്കാമോ?

ഇതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) പാറ കൊണ്ടുപോകാനുള്ള ബാർജ്ജുകളുടെ പ്രവേശനത്തിനായി തെക്കു ഭാഗത്തെ പുലിമുട്ട് അദാനി കമ്പനി പൊളിച്ചുനീക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി ഒപ്പിട്ടുള്ള ധാരണാ പത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്.

(ഡി) പൊളിച്ചുനീക്കിയ പുലിമുട്ടുകൾ കടലിൽ നിക്ഷേപിച്ചിരിക്കുന്നത് കാരണം നിരവധി ബോട്ടുകൾക്കും വലയ്ക്കും കേടുപാടുകൾ സംഭവിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊളിച്ചുനീക്കിയ പുലിമുട്ടിന്റെ കല്ലുകൾ അദാനി കമ്പനി ചാനലിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

2021-ലെ സമുദ്ര മത്സ്യബന്ധന ബിൽ

29 (*89) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് വൻകിട ട്രോളറുകളുടെ താല്പര്യ സംരക്ഷണാർത്ഥം നാടൻ വള്ളങ്ങളിലും യന്ത്രവൽകൃത ചെറുയാനങ്ങളിലും കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ താല്പര്യം ഹനിച്ച് കേന്ദ്ര സർക്കാർ 2021-ലെ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത് പരിശോധനാ വിധേയമാക്കിയിരുന്നോ?

കേന്ദ്രസർക്കാരിന്റെ 2021-ലെ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ കരട് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ആയത് പ്രസിദ്ധീകരിച്ച ഉടൻ തന്നെ സംസ്ഥാന താൽപ്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(ബി) ഇതുസംബന്ധിച്ച് തീരദേശ മത്സ്യത്തൊഴിലാളികളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

ഉണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

മത്സ്യത്തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെ ആഴക്കടൽ മത്സ്യ ബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് ബോട്ടുകൾ നൽകുന്ന പദ്ധതി
2. സമ്പാദ്യ സമാശ്വാസ പദ്ധതി
3. പുനർഗേഹം പദ്ധതി
4. വിദ്യാഭ്യാസ സഹായ പദ്ധതികൾ
5. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
6. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
7. മത്സ്യത്തൊഴിലാളികൾക്ക് FRP ബോട്ട് നൽകുന്ന പദ്ധതി
8. മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി
9. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി
10. മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനത്തിന് സുരക്ഷിത യാത്രാസൗകര്യത്തിനായി സൗജന്യ ബസ് സർവ്വീസ് പദ്ധതി
11. ഓഖി പുനരധിവാസ പദ്ധതികൾ.
12. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
13. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.
14. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

15. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

16. മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കിയ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ.

വനമേഖലയിൽ താമസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം

30 (*90) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്കും വനവാസികൾക്കും കാട്ടുമൃഗങ്ങളിൽനിന്നും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്കും വനവാസികൾക്കും കാട്ടുമൃഗങ്ങളിൽനിന്നും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:-

വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാ കാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തു ന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly